(ബി) 2015 ജൂലൈ 1 മുതൽ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

(സി) ജൂൺ 20-നകം ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്.

(ഡി) കോർപ്പറേഷനിലെ വിവിധ വിഭാഗം ജീവനക്കാരുടെ യൂണിഫോമിന്റെ നിറവും ഘടനയും മാത്രമാണ് പരിഷ്കരിച്ചിരിക്കുന്നത്. യൂണിഫോം അലവൻസായി അനുവദിച്ച് വന്നിരുന്ന തുകയിൽ (1,000 രൂപ, 1,250 രൂപ) യാതൊരുവിധ മാറ്റവും വരുത്തിയിട്ടില്ല. ആയതിനാൽ പ്രസ്തുത ഇനത്തിൽ അധിക ബാദ്ധ്യത ഉണ്ടാകുന്നില്ല.

കെ.എസ്.ആർ.ടി.സി - ഫെയർ സ്റ്റേജിലെ അപാകതകൾ

317 (321) ശ്രീ. പി. കെ. ബഷീർ : താഴെക്കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി മറുപടി നൽകുമോ :

സംസ്ഥാനത്ത് ബസ്ചാർജ് വർദ്ധിപ്പിക്കുമ്പോൾ ഫെയർ സ്റ്റേജിലുണ്ടാകുന്ന അപാകത സംബന്ധിച്ച പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഫെയർ സ്റ്റേജുകൾ കൃത്യമായി കണക്കാക്കി അതിനനുസരണമായി ചാർജ് നിശ്ചയിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദാംശം ലഭ്യമാക്കുമോ ; ഇല്ലെങ്കിൽ ഇതിലെ അപാകതകൾ അടിയന്തരമായി പരിഹരിച്ച് ചാർജ്ജുകൾ പുനർനിർണ്ണയിക്കുന്നതിന് നപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

ഉണ്ട്. അതാത് റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റികളാണ് ഫെയർസ്റ്റേജുകൾ കൃത്യമായി കണക്കാക്കി അതിനനുസരണമായി ചാർജ് നിശ്ചയിക്കുന്നത്. ഫെയർ സ്റ്റേജ് സംബന്ധിച്ചുള്ള പരാതികളോ അപാകതകളോ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്ക് ലഭിച്ചാൽ വേണ്ട അന്വേഷണം നടത്തി ഇത്തരം പരാതികൾ റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റികളുടെ പരിഗണനയ്ക്കായി സമർപ്പിച്ച് പരിഹാരം കണ്ടെത്താവുന്നതാണ്.

കെ.എസ്.ആർ.ടി.സി.-യുടെ കടബാദ്ധ്യത

318 (322) ശ്രീ. കെ. അജിത് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.-യുടെ നിലവിലെ കടബാദ്ധ്യത എത്രയെന്നും ഈ കടബാദ്ധ്യതകൾ ഏതൊക്കെ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ടതാണെന്നും വ്യക്തമാക്കാമോ ;

(ബി) ഓരോ സ്ഥാപനങ്ങളിൽ നിന്നുമുള്ള കടങ്ങൾക്ക് കോർപ്പറേഷൻ എത്ര ശതമാനം വീതമാണ് പലിശയായി നൽകുന്നതെന്നും ഇതനുസരിച്ച് ഓരോ മാസവും എത്ര തുക വീതം പലിശയിനത്തിൽ നൽകുന്നുണ്ടെന്നും വെളിപ്പെടുത്തുമോ ;

(സി) കടം എടുത്തിരിക്കുന്നത് എത്ര വർഷം വീതമുള്ള തിരിച്ചടവ് കാലയളവിലാണെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly